REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 27-04-2025 **സമയം** 12.30 pm

## പ്രധാന വാർത്തകൾ

- പഹൽഗാം ഭീകരാക്രമണത്തെ ശക്തമായി അപലപിച്ച് ആകാശവാണി മൻ കി ബാതിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.
- ഭീകരതയെ സ്പോൺസർ ചെയ്യുന്നവരുടെ നിരാശയും ഭീരുത്വവുമാണ് പഹൽഗാം ആക്രമണമെന്നും പ്രധാനമന്ത്രി.
- വെള്ളിയാഴ്ച അന്തരിച്ച ഡോ. K കസ്തൂരിരംഗന്റെ സംസ്കാരം അല്പസമയത്തിനകം ബംഗളൂരു ഹെബ്ബാൾ ശ്മശാനത്തിൽ.
- വ്യവസായങ്ങൾക്ക് ഭൂമി നൽകാൻ തയ്യാറാകുന്നവരുടെ വിവരങ്ങളടങ്ങുന്ന വെബ്സൈറ്റ് തയ്യാറാക്കിയതായി മന്ത്രി P രാജീവ്.
- വനിതാ ത്രിരാഷ്ട്ര ക്രിക്കറ്റ് പരമ്പരയിലെ ഇന്ത്യ- ശ്രീലങ്കാ മത്സരം കൊളംബൊയിൽ തുടങ്ങി.

## വാർത്തകൾ വിശദമായി

പഹൽഗാം ഭീകരാക്രമണത്തെ ആകാശവാണി മൻ കി ബാതിൽ പ്രധാനമന്ത്രി നരേന്ദ്രമോദി നിശിതമായി അപലപിച്ചു. ഈ മാസം 22 നുണ്ടായ ഭീകരാക്രമണം രാജ്യത്തെ ഓരോ പൗരനെയും ദുഃഖത്തിലാഴ്ത്തിയതായും ഉറ്റവരെ നഷ്ടപ്പെട്ട പ്രിയപ്പെട്ടവരുടെ വേദന ഓരോരുത്തരും അനുഭവിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

ഭീകരതയെ സ്പോൺസർ ചെയ്യുന്നവരുടെ നിരാശയും ഭീരുത്വവുമാണ് പഹൽഗാം ആക്രമണമെന്ന് നരേന്ദ്രമോദി പറഞ്ഞു. ഭീകരാക്രമണത്തിന്റെ

ചിത്രങ്ങൾ ഓരോ ഭാരതീയന്റെയും രക്തം തിളപ്പിക്കുന്നതായി തോന്നുന്നുവെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

-.......(PM VOICE)......

കശ്മീരിൽ സമാധാനം തിരിച്ചു വന്നതും, നിർമ്മാണ പ്രവർത്തനങ്ങൾ അഭൂതപൂർവ്വമായ വേഗം കൈവരിച്ചതും, ജനാധിപത്യം ശക്തിപ്പെടുന്നതും രാജ്യത്തിന്റെ ശത്രുക്കൾക്ക് ഇഷ്ടപ്പെട്ടില്ല. ഭീകരരും അവരുടെ യജമാനൻമാരും കശ്മീർ വീണ്ടും നശിക്കണമെന്ന് ആഗ്രഹിച്ചതു കൊണ്ടാണ് ഇത്ര വലിയ ഗൂഢാലോചനയും ആക്രമണവും ഉണ്ടായതെന്ന് നരേന്ദ്രമോദി വിലയിരുത്തി. ഭീകരതയ്ക്കെതിരായ യുദ്ധത്തിൽ രാജ്യത്തിന്റ ഐക്യവും, 140 കോടി ഭാരതീയരുടെ ഐക്യദാർഢ്യവുമാണ് ഏറ്റവും വലിയ ശക്തി. രാജ്യം നേരിടുന്ന ഭീകരതയെന്ന വെല്ലുവിളിയെ നേരിടാൻ ജനങ്ങൾ ദൃഢനിശ്ചയം ശക്തിപ്പെടുത്തണമെന്ന് പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

ഭീകരാക്രണത്തിനു ശേഷം ലോക നേതാക്കളുടെ അനുശോചനങ്ങളും ഐക്യദാർഢ്യവും രാജ്യത്തിന്റെ പോരാട്ടത്തിൽ ലോകം മുഴുവൻ ഒറ്റക്കെട്ടായി ഭാരതീയർക്കൊപ്പം നിലകൊള്ളുന്നു എന്നതിന് തെളിവാണ്. ഇരകളുടെ കുടുംബങ്ങൾക്ക് നീതി ലഭിക്കുമെന്നും, കുറ്റവാളികൾക്കും ഗൂഢാലോചനക്കാർക്കും ഏറ്റവും കഠിനമായ മറുപടി നൽകുമെന്നും പ്രധാനമന്ത്രി ഉറപ്പു നൽകി.

മൻ കി ബാതിന്റെ കൂടുതൽ വിവരങ്ങൾ ന്യൂസ് ഡെസ്കിൽ നിന്ന്.

.....(വോയ്സ്)....

രണ്ടു ദിവസം മുമ്പ് രാജ്യത്തിന് നഷ്ടമായ മഹാനായ ശാസ്ത്രജ്ഞൻ ഡോ. K കസ്തൂരിരംഗന്റെ സംഭാവനകൾ പ്രധാനമന്ത്രി അനുസ്മരിച്ചു. രാജ്യത്തെ യുവാക്കളുടെ കഴിവുകളും, ആധുനിക വിദ്യാഭ്യാസവും, ബഹിരാകാശ ശാസ്ത്രവുമടക്കം വിഷയങ്ങൾ താനുമായി പലപ്പോഴും കസ്തൂരിരംഗൻ ചർച്ച ചെയ്യുമായിരുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഈ മേഖലകളിലെല്ലാം പുതിയ ഉയരത്തിലേക്ക് രാജ്യത്തെ നയിക്കാൻ അദ്ദേഹത്തിന്റെ വിലപ്പെട്ട സംഭാവനകൾ പ്രയോജനപ്പെട്ടു. കസ്തൂരിരംഗന്റെ നേതൃത്വത്തിൽ ISRO യ്ക്ക് പുതിയ മുഖം ലഭിച്ചതായും മോദി അറിയിച്ചു. രാജ്യത്തിന്റെ ദേശീയ വിദ്യാഭ്യാസ

നയം തയ്യാറാക്കുന്നതിലും കസ്തൂരിരംഗന്റെ  പങ്ക് വളരെ വലുതാണ്.  21-ാം നൂറ്റാണ്ടിന്റെ ആവശ്യങ്ങൾക്കനുസൃതമായി ഫോർവേഡ് ലുക്കിംഗ് എജ്യൂക്കേഷൻ എന്ന ആശയം ഡോ. കസ്തൂരിരംഗൻ മുന്നോട്ടു വെച്ചതായും പ്രധാനമന്ത്രി ആദരപൂർവ്വം ഓർമ്മിച്ചു.

ആര്യഭട്ട ഉപഗ്രഹ വിക്ഷേപണത്തിന്റെ 50-ാം വാർഷികത്തിൽ തിരിഞ്ഞു നോക്കുമ്പോൾ ബഹിരാകാശ രംഗത്ത്  രാജ്യം ബഹുദൂരം പിന്നിട്ടതായി ബോധ്യമാകുന്നതായി പ്രധാനമന്ത്രി പറഞ്ഞു. കാളവണ്ടിയിലും സൈക്കിളിലും നിർണായക ഉപകരണങ്ങൾ വഹിച്ചുകൊണ്ടുപോയ ശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ, അവരുടെ സമർപ്പണവും, സേവന മനോഭാവവും ഓർമ്മിപ്പിക്കുന്നു. ഇന്ന് 104 ഉപഗ്രഹങ്ങൾ ഒരേസമയം വിക്ഷേപിച്ച് ISRO റെക്കോർഡ് സൃഷ്ടിച്ചു. ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിലെത്തുന്ന ആദ്യ രാജ്യമായി ഇന്ത്യ മാറി. ആദിത്യ- L-1 ദൗത്യത്തിലൂടെ സൂര്യന് വളരെ അരികിലെത്തി. ലോകത്തെ പല രാജ്യങ്ങൾക്കും ബഹിരാകാശ സേവനങ്ങൾ നൽകാൻ ISRO യ്ക്ക് കഴിയുന്നുണ്ടെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. ബഹിരാകാശ മേഖല സ്വകാര്യമേഖലയ്ക്കും, സ്റ്റാർട്ടപ്പുകൾക്കും തുറന്നു കൊടുത്തു കഴിഞ്ഞതായും അദ്ദേഹം വ്യക്തമാക്കി.

മൻ കി ബാത്  - തുടർച്ച.......

മ്യാൻമറിൽ കഴിഞ്ഞ മാസമുണ്ടായ ഭൂകമ്പത്തിൽ  ദുരിതബാധിതർക്ക് സഹായമെത്തിക്കാൻ രാജ്യം ഓപ്പറേഷൻ ബ്രഹ്മ ആരംഭിച്ചതും അതിന് രാജ്യാന്തര പ്രശംസ ലഭിച്ചതും പ്രധാനമന്ത്രി എടുത്തുപറഞ്ഞു.

ആഫ്രിക്കൻ രാജ്യമായ എത്യോപ്യയിൽ പ്രവാസി ഭാരതീയർ ജന്മനാ ഹൃദ്രോഗം ബാധിച്ച ആഫ്രിക്കൻ കുട്ടികളെ ഭാരതത്തിലേക്ക് ചികിത്സയ്ക്കയക്കാൻ നടത്തുന്ന ശ്രമത്തെ അദ്ദേഹം പ്രശംസിച്ചു. പണത്തിന്റെ കുറവുകൊണ്ട് ചികിത്സ ലഭിക്കാതെ വരുന്ന ദരിദ്രസമൂഹത്തിലെ  കുട്ടികളെ സഹായിക്കുന്ന ദൗത്യത്തിന് വലിയ പ്രതികരണം ലഭിക്കുന്നുണ്ട്.

പ്രകൃതിദുരന്ത ഘട്ടങ്ങളിൽ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ സചേത് ആപ്പ് ജനങ്ങൾക്ക് ആപത്ഘട്ടങ്ങളിൽ  സഹായമാകുമെന്ന് മോദി പറഞ്ഞു. ദുരന്തങ്ങളിലും കാലാവസ്ഥാ മാറ്റങ്ങളിലും അപ്ഡേറ്റുകൾ ഇതിലൂടെ ലഭ്യമാകും. അവശ്യഘട്ടങ്ങളിൽ ഇത് പ്രയോജനപ്പെടുത്തണമെന്നും അനുഭവങ്ങൾ പങ്കുവെയ്ക്കണമെന്നും അദ്ദേഹം  ആവശ്യപ്പെട്ടു.

ഭാരതത്തിലെ യുവാക്കൾ രാജ്യത്തോട് ലോകം പുലർത്തുന്ന കാഴ്ചപ്പാടു തന്നെ മാറ്റി മറിച്ചതായും മോദി  പറഞ്ഞു. ശാസ്ത്രം, സാങ്കേതിക ശാസ്ത്രം, നവീകരണം എന്നിവയിലൂടെ രാജ്യത്തെ യുവാക്കൾ പുതിയ മാതൃക സൃഷ്ടിക്കുകയാണ്. ഛത്തീസ്ഗഢിലെ ദന്തേവാഡ അക്രമങ്ങൾക്കും മറ്റു

പ്രശ്നങ്ങൾക്കും കുപ്രസിദ്ധമായിരുന്നു. അവിടെ പുതുതായി തുറന്ന ശാസ്ത്രകേന്ദ്രം കുട്ടികൾക്ക് ഏറ്റവും പുതിയ സാങ്കേതികവിദ്യ പോലും ലഭ്യമാക്കി കഴിഞ്ഞു..

അമ്മയുടെ പേരിൽ ഒരു മരം എന്ന പ്രചാരണം ജനനം നൽകിയ അമ്മയ്ക്കും, സംരക്ഷിക്കുന്ന ഭൂമി മാതാവിനും ജനങ്ങളുടെ ഇച്ഛാശക്തിയിൽ 140 കോടിയിലേറെ മരങ്ങൾ നട്ടുപിടിപ്പിച്ച വൻ പദ്ധതിയായി മാറി. മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിലൂടെ ജലാശയങ്ങളുടെ ശേഷി വർദ്ധിപ്പിക്കാനും, ആഗോള താപനത്തെ നേരിടാനും സഹായിക്കുന്നതിന്റെ ഉദാഹരണം അഹമ്മദാബാദ് നഗരത്തെ മാതൃകയാക്കി, നരേന്ദ്രമോദി ഉദാഹരിച്ചു.

കർണാടകയിലെ സമതലങ്ങളിൽ ആപ്പിൾകൃഷി തുടങ്ങി വിജയം കണ്ടെത്തിയ ഷെയ്ൽ തേലിയുടെ പരിശ്രമത്തെ അഭിനന്ദിച്ച പ്രധാനമന്ത്രി, മനസ്സുണ്ടെങ്കിൽ മാർഗവുമുണ്ട് എന്ന പഴഞ്ചൊല്ല് ഓർമ്മിപ്പിച്ചു.

വയനാട്ടിൽ മണ്ണിലോ, വയലിലോ അല്ലാതെ എയറോപോണിക്സ് സംവിധാനത്തിൽ കുങ്കുമപ്പൂവ് കൃഷി ആരംഭിച്ചതിനെ പ്രചോദനാത്മകമെന്ന് പ്രധാനമന്ത്രി വിശേഷിപ്പിച്ചു. തമിഴ്നാട്ടിൽ ലിച്ചികൃഷി വിജയിപ്പിച്ച തിരുവീര അരശിനെയും നരേന്ദ്രമോദി അഭിനന്ദിച്ചു.

108 വർഷം മുമ്പ് ബിഹാറിലെ ചമ്പാരനിൽ ഇൻഡിഗോ കൃഷി ചെയ്യാൻ നിർബന്ധിച്ച ബ്രിട്ടീഷുകാർക്കെതിരെ മഹാത്മാഗാന്ധി കർഷകരെ ബോധവത്ക്കരിച്ചതും, തരിശായി മാറിയ ഭൂമിയെ രക്ഷിക്കാൻ ചമ്പാരൻ സത്യഗ്രഹം ആരംഭിച്ചതും പ്രധാനമന്ത്രി ഓർമ്മിപ്പിച്ചു. കർഷക പ്രതിഷേധത്തിനു മുന്നിൽ ഇൻഡിഗോ കൃഷി നിർത്തിവെയ്ക്കാൻ ബ്രിട്ടീഷുകാർ നിർബന്ധിതരായി. സ്വാതന്ത്ര്യസമരത്തിന് പുതിയ ആത്മവിശ്വാസം പകരുന്ന വിജയമായിരുന്നു അതെന്ന് മോദി വിലയിരുത്തി. രാജ്യത്തിന്റെ ആദ്യ രാഷ്ട്രപതിയായി മാറിയ ബിഹാറിന്റെ മറ്റൊരു സൽപുത്രൻ ഡോ. രാജേന്ദ്രപ്രസാദും ചമ്പാരൻ സത്യഗ്രഹത്തിൽ വലിയ സംഭാവന നൽകിയെന്ന് നരേന്ദ്രമോദി പറഞ്ഞു.

✪✪✪

ജമ്മു കശ്മീരിലെ ഭീകരാക്രമണത്തിന്റെ സാഹചര്യത്തിൽ ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ വിളിച്ച നിയമസഭയുടെ ഒരു ദിവസത്തെ പ്രത്യേക സമ്മേളനം നാളെ ചേരും. മന്ത്രിസഭയുടെ അഭ്യർത്ഥന പ്രകാരമാണ് യോഗം. പഹൽഗാം ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവർക്ക് ആദരാഞ്ജലി അർപ്പിച്ചും, സംഭവത്തെ അപലപിച്ചും സഭ പ്രമേയം പാസാക്കും.

✪✪✪

അടുത്ത മാസം ഒന്നിന്  മുംബൈയിൽ  ആരംഭിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ ദൃശ്യ- ശ്രാവ്യ-വിനോദ ഉച്ചകോടി - WAVES- ൽ ഭാരതത്തിന്റെ പവലിയൻ അനാച്ഛാദനത്തിന് തയ്യാറെടുക്കുന്നു. 'കലാ ടു കോഡ്' എന്ന പ്രമേയത്തിന്റെ ഉള്ളടക്കത്തിലാണ് പവലിയൻ  തയ്യാറാകുന്നത്. വസുധൈവ കുടുംബകം എന്ന ഭാരതീയ സംസ്കാര പൈതൃകത്തെ  ലോകത്തിന് പരിചയപ്പെടുത്താനും ആഘോഷിക്കാനും  മെയ് ഒന്നു മുതൽ നാലു വരെയാണ് WAVES ഉച്ചകോടി.

✪✪✪

ഈ വർഷത്തെ NEET- UG പരീക്ഷയുമായി ബന്ധപ്പെട്ട പരാതികൾ ഉന്നയിക്കാൻ ദേശീയ പരീക്ഷാ ഏജൻസി  പ്രത്യേക പ്ലാറ്റ്ഫോം ആരംഭിച്ചു. പരീക്ഷ സംബന്ധിച്ച പരാതികളും ആശങ്കകളും അടുത്ത മാസം 4 ന് വൈകിട്ട് അഞ്ച് വരെ ഔദ്യോഗിക വെബ്സൈറ്റിൽ റിപ്പോർട്ട് ചെയ്യാമെന്ന് ദേശീയ പരീക്ഷാ ഏജൻസി അറിയിച്ചു.

✪✪✪

വെള്ളിയാഴ്ച അന്തരിച്ച ISRO മുൻ ചെയർമാൻ ഡോ.K കസ്തൂരിരംഗന്റെ ഭൗതികദേഹം  ബംഗളൂരു ഹെബ്ബാൾ ശ്മശാനത്തിൽ അൽപ്പസമയത്തിനകം സംസ്കരിക്കും..  ബംഗളുരു സദാശിവനഗർ, രാമൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ രാവിലെ ഭൗതികശരീരം പൊതുദർശനത്തിന് വെച്ചു. ഒട്ടേറെപ്പേർ അന്ത്യാഞ്ജലി അർപ്പിച്ചു

✪✪✪

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം കമ്മീഷൻ ചെയ്യുന്നതിന് നടപടി ക്രമങ്ങൾ അതിവേഗം പൂർത്തിയാകുന്നു. മെയ് രണ്ടിന് പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് തുറമുഖം രാജ്യത്തിന് സമർപ്പിക്കുന്നത്.

✪✪✪

വ്യവസായങ്ങൾക്ക് ഭൂമി നൽകാൻ തയ്യാറാകുന്നവർക്ക് വ്യവസായ ഉടമകളുമായി നേരിട്ടു ബന്ധപ്പെടാൻ സംസ്ഥാന ഗവൺമെന്റ് വെബ്സൈറ്റ് തയ്യാറാക്കിയതായി മന്ത്രി P രാജീവ് അറിയിച്ചു. വ്യാവസായിക ആവശ്യങ്ങൾക്ക് ലഭ്യമായ ഭൂമിയുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിനും കൂടിയാണ് ഇൻഡസ്ട്രിയൽ ലാൻഡ് വെബ് പോർട്ടൽ നിർമ്മിച്ചതെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. വ്യവസായ വകുപ്പിന്റെ COME ON KERALA പദ്ധതിയുടെ ഭാഗമാണ് വെബ് പോർട്ടലെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ പങ്കെടുക്കുന്ന കോഴിക്കോട് സിറ്റി ജില്ലാ വികസിത കേരളം കൺവെൻഷനും, ജില്ലാ നേതൃയോഗവും വൈകിട്ട് നടത്തും. ശ്രീകണ്ഠേശ്വരം ശ്രീനാരായണ സെന്റിനറി ഹാളിലാണ് കൺവെൻഷൻ. തുടർന്ന് ജില്ലാ നേതൃയോഗത്തിലും അദ്ദേഹം പങ്കെടുക്കും. മുൻ സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ, സംസ്ഥാന ജനറൽ സെക്രട്ടറി M.T.രമേശ് തുടങ്ങിയവരും കൺവെൻഷനിൽ പങ്കെടുക്കും.

✪✪✪

കാസർകോട്ട് എന്റെ കേരളം പ്രദർശന വിപണന മേള ഇന്ന് സമാപിക്കും. വൈകിട്ട് മന്ത്രി AK ശശീന്ദ്രൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും. പ്രദർശന വിപണനമേളയുടെ ഭാഗമായി നടത്തിയ മത്സരങ്ങളിലെ വിജയികൾക്ക് സമാപന ചടങ്ങിൽ സമ്മാനങ്ങൾ വിതരണം ചെയ്യും.

✪✪✪

കണ്ണൂർ ജില്ലയിലെ മലയോര പഞ്ചായത്തായ അയ്യൻകുന്ന് പാലത്തുംകടവിൽ ജനവാസ മേഖലയിലിറങ്ങിയ കാട്ടാനക്കൂട്ടം വ്യാപകമായി കൃഷി നശിപ്പിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

.....(വോയ്സ്)....

✪✪✪

വനിതാ ത്രിരാഷ്ട്ര ക്രിക്കറ്റ് പരമ്പരയിലെ ഇന്ത്യ - ശ്രീലങ്ക മത്സരം കൊളംബൊയിൽ ആരംഭിച്ചു. ഇന്ത്യ ഫീൽഡിംഗ് തിരഞ്ഞെടുത്തു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ നാല് ഓവറിൽ ശ്രീലങ്ക വിക്കറ്റ് നഷ്ടപ്പെടാതെ 11 റൺസെടുത്തു.

✪✪✪

---

*News Editor; വി കെ സുരേഷ്*
*News Reader: നിഷിത കുമാരി*
*News Team: അനിൽ ചന്ദ്രൻ*

*DEO : ഷീബ*